**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1333** **10-10-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ വരുന്ന പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരള ട്രാവൽ മാർട്ട് -2024 ന്റെ തുടർച്ചയായി കേരളത്തിലെ ടൂറിസം മേഖലയിൽ വരുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | 2024 വർഷത്തെ കേരള ട്രാവൽ മാർട്ട് കൊച്ചിയിൽ, സെപ്റ്റംബർ 26 മുതൽ 29 വരെയാണ് സംഘടിപ്പിച്ചത്. ആയതിന് തുടർച്ചയായി പുതിയ ടൂറിസം പദ്ധതികൾ സംബന്ധിച്ച ശിപാർശകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |
| (ബി) | കേരളത്തെ മൈസ് (മീറ്റിംഗുകൾ, പ്രോത്സാഹനങ്ങൾ, കോൺഫറൻസുകൾ, എക്സിബിഷൻസ് ) ടൂറിസം സെന്ററാക്കി മാറ്റുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | കേരളത്തെ MICE ടൂറിസം ഡെസ്റ്റിനേഷൻ സെന്റർ ആക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജി-20 സമ്മേളനത്തിന് ആതിഥേയത്വം വഹിച്ച് കേരളം Mice ടൂറിസത്തിന് അനുയോജ്യമായ കേന്ദ്രമാണെന്ന് വിളംബരം ചെയ്തു. Mice ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിലും KTDC യുടെ നേതൃത്വത്തിലും സജ്ജീകരണങ്ങൾ ഒരുക്കി വരുന്നു. മൈസ് ടൂറിസത്തെ കൂടുതലായി ആകർഷിക്കുന്നതിന് KTM പോലുള്ള വേദികളിലും പ്രചരണം സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കാനും ഈ മേഖലയിൽ ടൂറിസം വകുപ്പ് പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ